**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **23-02-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രവൃത്തി നടക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്നും പുതുതായി പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 10 പുതിയ ട്രാൻസ്‌ഫോർമറുകൾ സ്ഥാപി ക്കുന്ന പ്രവൃത്തിയും നിലവിലെ 3 ട്രാൻസ്‌ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും 1.46 കി.മീ എൽ.ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 14 പുതിയ ട്രാൻസ്‌ഫോർമറുകൾ സ്ഥാപിക്കാനും 64 കി.മീ എൽ.ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | 8 മീറ്റർ നീളമുള്ള ഇലക്ട്രിക്ക് പോസ്റ്റുകളുടെ അഭാവം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 8 മീറ്റർ നീളം ഉള്ള ഇലക്ട്രിക് പോസ്റ്റുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ വിതരണം ത്വരിതപ്പെടുത്തുന്നതിനും ഭാവിയിലെ ആവശ്യം കണക്കാക്കി കൂടുതൽ വാങ്ങുന്നതിനായിട്ടുള്ള ദർഘാസ് നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചു വരുന്നു. നിലവിൽ ഉള്ള കരാർ പ്രകാരം പോസ്റ്റുകൾ സർക്കിൾ മുഖേനയാണ് വിതരണം നടത്തി വരുന്നത്. |
| (സി) | എങ്കിൽ ആവശ്യത്തിന് ഇലക്ട്രിക്ക് പോസ്റ്റുകൾ സർക്കിൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 8 മീറ്റർ നീളം ഉള്ള ഇലക്ട്രിക് പോസ്റ്റുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ വിതരണം ത്വരിതപ്പെടുത്തുന്നതിനും ഭാവിയിലെ ആവശ്യം കണക്കാക്കി കൂടുതൽ വാങ്ങുന്നതിനായിട്ടുള്ള ദർഘാസ് നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചു വരുന്നു. നിലവിൽ ഉള്ള കരാർ പ്രകാരം പോസ്റ്റുകൾ സർക്കിൾ മുഖേനയാണ് വിതരണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ